11/1/22


സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in


**ഹർജി നമ്പർ CP No.365(6)/2021/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.*7773/എസ്.ഐ.സി-ജി 5/2021*)

സന്നിഹിതൻ

അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. പി.വി. ഐസക്,
പ്രൊപ്രൈറ്റർ,
എം.പി. ടൂർസ് & ട്രാവൽ സർവ്വീസ്,
തൈക്കാവുംപടി-686 692
} പരാതി ഹർജിക്കാരൻ

Vs

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
വിദ്യാഭ്യാ ഉപഡയറക്ടറുടെ കാര്യാലയം,
എറണാകുളം
} എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 29.04.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | -- |
| കമ്മീഷനിൽ പരാതി ഹർജി നൽകിയ തീയതി | 16.07.2021 |
| കമ്മീഷനിൽ പരാതി ഹർജി ലഭ്യമായ തീയതി | 22.07.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 17.08.2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭ്യമായ തീയതി | 02.09.2021 |
| ഹിയറിംഗ് തീയതി | 24.12.2021 |
| ഹിയറിംഗിലെ സാന്നിദ്ധ്യം<br>ഹർജിക്കാരൻ<br>എതിർകക്ഷി | <br>ഹാജരായില്ല<br>ഹാജരായി |

ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. പി.വി. ഐസക് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്ര

കാരം സമർപ്പിച്ച അപേക്ഷയിന്മേൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലെന്ന മറുപടിയാണ് എതിർകക്ഷി ലഭ്യമാക്കിയതെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യമായ നടപടി കമ്മീഷൻ സ്വീകരിക്കണമെന്നാണ്.

2. ഹർജിക്കാരൻ 29.04.2021 ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിന്മേൽ ആവശ്യപ്പെട്ടത് ഏഴാം ശമ്പള കമ്മീഷൻ പ്രകാരമുളള സ്വീപ്പർമാരുടെ ശമ്പളം (ജി.ഒ.(പി.) നം.3000/98/fin തീയതി 25.11.1998) 2601-3680 ആണ് എന്നും ആയതിന്റെ expansion ഇൻക്രിമെന്റ് ചേർത്തുളളത് ലഭ്യമാക്കണമെന്നും, എട്ടാം ശമ്പള കമ്മീഷൻ G.O.(P) No. 145/2006/Fin dt:25.03.2006 (G.O(ms)297/07(61)Fin.dt:10.07.2007) 4300-5930 expansion ലഭ്യമാക്കണമെന്നും മറ്റുമായി 4 ഇനങ്ങളിലായുളള വിവരങ്ങളാണ്.

ടി അപേക്ഷയിന്മേൽ എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലെന്നാണ്.

3. എതിർകക്ഷി കമ്മീഷൻ മുമ്പാകെ 02.09.2021 ൽ സമർപ്പിച്ച റിപ്പോർട്ടിൽ ബോധിപ്പിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ എല്ലാം ധനകാര്യ വകുപ്പിന്റെ സൈറ്റിൽ ലഭ്യമായതിനാലും ടി ഓഫീസിന്റെ മാത്രം രേഖയല്ലാത്തതിനാലുമാണ് അപേക്ഷയിലെ ചോദ്യങ്ങൾ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലെന്ന മറുപടി ടി കാര്യാലയത്തിൽ നിന്നും ലഭ്യമാക്കിയതെന്നും ആയതിനെതിരെ ടിയാൻ അപ്പീൽ സമർപ്പിക്കുകയും

ആയതിന് 12.08.2021 ൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ഉൾപ്പെടുത്തികൊണ്ട് മറുപടി നൽകിയെന്നും പരാതി പരിഹരിക്കപ്പെടുകയും ചെയ്തുവെന്നുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ 29.04.2021 ലെ വിവരാവകാശ അപേക്ഷയ്ക്ക് ചോദ്യങ്ങൾ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലെന്ന പരാമർശിത കാലയളവിലെ എതിർകക്ഷി മറുപടി ലഭ്യമാക്കിയത് 02.07.2021 ൽ ആണെന്നു കാണുന്നു. ഇത്തരത്തിൽ ഒരു മറുപടി നൽകാൻ ഇത്രയധികം കാലതാമസത്തിന്റെ ആവശ്യകതയുള്ളതായി കമ്മീഷൻ കാണുന്നില്ല. തുടർന്ന് ടിയാൻ കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച ശേഷം 27.08.2021 ൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കിയതായും കാണുന്നു. പരാമർശിത കാലയളവിലെ എതിർകക്ഷിയുടെ നടപടി വിവരാവകാശ നിയമം വകുപ്പ് 7(1) പ്രകാരം കുറ്റകരവും വകുപ്പ് 20(1) പ്രകാരം ശിക്ഷാർഹവുമാണ്. ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ എതിർകക്ഷിക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാൻ ഉണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ഇക്കാര്യത്തിൽ ടിയാന് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പു പ്രകാരമുള്ള ശിക്ഷാ ഉത്തരവ് പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടിയാന് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ടു ബോധിപ്പിക്കുവാനുണ്ടെങ്കിൽ

ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്. ഹിയറിംഗിൽ പങ്കെടുക്കാൻ ഹർജികക്ഷിക്ക് നോട്ടീസ് അയച്ചുവെങ്കിലും ടിയാൻ ഹിയറിംഗിൽ പങ്കെടുക്കുകയോ എന്തെങ്കിലും അസൗകര്യം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2021 ഡിസംബർ 28–ാം തീയതി കമ്മീഷൻ താത്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
Dp